"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ്-കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കൈരളി/ ശ്രീ, തിരുവനന്തപുരം കൈരളി/ശ്രീ/നിള എന്നീ തീയേറ്ററുകളിൽ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി ബാർക്കോ പ്രൊജക്ടറുകൾ നേരിട്ട് ഇറക്കുമതി ചെയ്ത പ്രവൃത്തിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(കൈ) നം.4/2026/CLAD തീയതി, തിരുവനന്തപുരം, 14-03-2026

---

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 13.08.2024 തീയതിയിലെ 19/പി1/2018/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കൈരളി/ ശ്രീ, തിരുവനന്തപുരം കൈരളി/ശ്രീ/നിള എന്നീ തീയേറ്ററുകളിൽ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി ബാർക്കോ പ്രൊജക്ടറുകൾ നേരിട്ട് ഇറക്കുമതി ചെയ്ത പ്രവൃത്തിയ്ക്ക് സാധൂകരണം നൽകുന്നതിന് പരാമർശം പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കൈരളി/ ശ്രീ, തിരുവനന്തപുരം കൈരളി/ശ്രീ/നിള എന്നീ തീയേറ്ററുകളിൽ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി ബാർക്കോ പ്രൊജക്ടറുകൾ നേരിട്ട് ഇറക്കുമതി ചെയ്ത പ്രവൃത്തിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (2955197/PU-C2/147/2024-FIN Dated 04.12.2025)
പൊതുഭരണ (എസ്.സി.) വകുപ്പ്, (10.03.2026 തീയതിയിലെ ഇനം നമ്പർ 3853 പ്രകാരം)

കരുതൽ ഫയൽ (A3/12/2023-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 14-03-2026 17:07:18

സെക്ഷൻ ഓഫീസർ

പകർപ്പ് : 1) ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2) സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്

3) സാംസ്കാരികകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. എ3/12/2023/സാം.കാ.വ. ഇനം നം: 3853

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കൈരളി/ശ്രീ, തിരുവനന്തപുരം കൈരളി/ശ്രീ/നിള എന്നീ തീയേറ്ററുകളിൽ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി ബാർക്കോ പ്രോജക്ടറുകൾ നേരിട്ട് ഇറക്കുമതി ചെയ്ത പ്രവൃത്തിയ്ക്ക് സാധൂകരണം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

11.3.2026

VS Culture

(A) section.
11/3/26

3853

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | | എ 3/12/2023-സാം.കാ.വ. |
| 2. | വകുപ്പ് | | സാംസ്കാരികകാര്യ (എ) വകുപ്പ് |
| 3. | വിഷയം | | കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കൈരളി/ശ്രീ, തിരുവനന്തപുരം കൈരളി/ശ്രീ/നിള എന്നീ തീയേറ്ററുകളിൽ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി ബാർക്കോ പ്രൊജക്ടറുകൾ നേരിട്ട് ഇറക്കുമതി ചെയ്ത പ്രവൃത്തിയ്ക്ക് സാധൂകരണം നൽകുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | | 23.02.2026 |
| 5. | (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അല്ല |
| | (ii) | ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | | ശ്രീമതി രജനി.എം. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. രാജൻ നാംദേവ് ഖോബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 02.03.2026 |
| 10. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 02.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | | ശ്രീ. സജി ചെറിയാൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 04.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | | 05.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കൈരളി/ ശ്രീ, തിരുവനന്തപുരം കൈരളി/ശ്രീ/നിള എന്നീ തീയേറ്ററുകളിൽ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി ബാർക്കോ പ്രൊജക്ടറുകൾ നേരിട്ട് ഇറക്കുമതി ചെയ്ത പ്രവൃത്തിയ്ക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ചുള്ള വിഷയമാണ് ഈ കുറിപ്പിൽ പരിശോധിക്കുന്നത്.

**2.** സമാന സാഹചര്യത്തിൽ KSFDC-യിൽ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി Dolby Atmos Sound System ഡോൾബി കമ്പനിയിൽ നിന്നും നേരിട്ട് ഇറക്കുമതി ചെയ്ത പ്രവൃത്തിയ്ക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന ഫയലിൽ (A3/25/2023/CLAD) സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം ചുവടെ കൊടുക്കുന്നു.

**" സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയറ്റർ കോംപ്ലക്സുകളിലേയ്ക്ക് ഡിജിറ്റൽ ഡോൾബി സംവിധാനം വാങ്ങിയ വിഷയത്തിൽ ഭരണ വകുപ്പിനെ താഴെപ്പറയുന്ന വിവരങ്ങൾ അറിയിക്കുന്നു**

**എ) സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, സ്റ്റോർസ് പർച്ചേസ് മാന്വൽ അനുബന്ധം 1-ൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനമാണ്, ആയതിനാൽ മാന്വൽ പ്രകാരമുള്ള വാങ്ങൽ ചട്ടങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥമാണ്.**

**ബി) സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 7.50 പ്രകാരം ഡിജിറ്റൽ ഡോൾബി സംവിധാനം പോലുള്ള സാങ്കേതികത്വമുള്ളതും ഉയർന്ന മൂല്യമുള്ളതുമായ യന്ത്രങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ഇരട്ട ലേല സംവിധാനം (Two Bid System) (സാങ്കേതിക ബിഡ്/ സാമ്പത്തിക ബിഡ്) പാലിക്കണം, ആയത് വിദഗ്ധ സമിതി പരിശോധിച്ച് ടെണ്ടർ ഡോക്യുമെന്റിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണോയെന്ന് പരിശോധിക്കേണ്ടതാണ്,**

**സി) ഡിജിറ്റൽ ഡോൾബി സിസ്റ്റം സപ്ലൈ ചെയ്ത മെസ്:ഡോൾബി എന്ന സ്ഥാപനത്തിന് 100% തുക സ്വിഫ്റ്റ് ട്രാൻസഫറായി(സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മുഖേന) മുൻകൂറായി നൽകിയതായി കാണുന്നു. ആയതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല. മാന്വൽ ഖണ്ഡിക 12.25, 12.25-ന്റെ VI പ്രകാരം വിദേശ സപ്ലയർക്ക് തുക മുൻകൂറായി നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി വേണമെന്നതാണ് നടപടിക്രമം. പ്രസ്തുത നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല.**

**ഡി) ഖണ്ഡിക 7.20 പ്രകാരം എക ഉടമസ്ഥാ സ്വഭാവമുള്ള (പ്രോപ്രൈറ്ററി) ഇനമാണെങ്കിൽ വിദഗ്ധ സമിതിയുടെയും വാങ്ങൽ സമിതിയുടെയും ഉപദേശത്തിന്മേൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും സിങ്കിൾ ടെണ്ടർ**

**(സ്വകാര്യ വാങ്ങൽ) മുഖേന ആ ഐറ്റം വാങ്ങാവുന്നതാണ്. ആയത് ഏക ഉടമസ്ഥാ സ്വഭാവമുള്ളതാണെന്നുള്ളത് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.**

**ഇ) ആവശ്യമുള്ള ഗുണനിലവാരമുള്ള സാധനങ്ങൾ രാജ്യത്ത് ലഭ്യമല്ലെന്ന് ഉറപ്പെങ്കിൽ സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 7.19 പ്രകാരമുള്ള ചട്ടങ്ങൾ പാലിച്ച് ഗ്ലോബൽ ടെണ്ടർ എൻക്വയറി നടത്താവുന്നതാണ്. ആയതും ഇവിടെ പാലിച്ചതായി കാണുന്നില്ല.**

**സ്റ്റോർ പർച്ചേസ് മാന്വൽ അനുബന്ധം 1-ൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ടി സ്ഥാപനം സ്റ്റോർസ് പർച്ചേസ് മാന്വൽ ചട്ടങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ആയതിനാൽ ഭരണ വകുപ്പിന് പ്രസ്തുത വിഷയത്തിൽ ഉചിതമായ മേൽനടപടി സ്വീകരിക്കാവുന്നതാണ്."**

**3.** നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെയാണ് സാമഗ്രികൾ വാങ്ങിയത് എന്ന് കെ.എസ്.എഫ്.ഡി.സി. എം.ഡി. വ്യക്തമാക്കിയിരുന്നു. കോഴിക്കോട് കൈരളി/ശ്രീ, തിരുവനന്തപുരം കൈരളി/ശ്രീ/നിള എന്നീ തീയറ്ററുകളിൽ ബാർക്കോ പ്രൊജക്ടറുകൾ നേരിട്ട് ഇറക്കുമതി ചെയ്തതിൽ സ്റ്റോഴ്സ് പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടികൾ പാലിക്കാത്തതിൽ KSFDC മാനേജിംഗ് ഡയറക്ടറുടെ വാദങ്ങൾ ഇപ്രകാരമാണ് ;

i) ബാർക്കോ പ്രൊജക്ടറുകൾ ഏക ഉടമസ്ഥ സ്വഭാവമുള്ള ഇനമായതിനാലാണ് ഇ-ടെണ്ടർ വിളിക്കാതിരുന്നത്. ആയതിനാൽ Two Bid System ബാധകമായിരുന്നില്ല. പ്രൊജക്ടറുകൾ ഏജൻസിയോ ഡീലറോ കൂടാതെ ഉത്പാദകരിൽ നിന്നും നേരിട്ട് ഇറക്കുമതി ചെയ്യുകയായിരുന്നു.

ii) ബാർക്കോ എന്ന പ്രൊപ്രൈറ്ററി ഐറ്റത്തിന്റെ സാങ്കേതിക മേന്മകൾ വിലയിരുത്തിയാണ് ബാർക്കോ വാങ്ങുന്നതിന് KSFDC-യുടെ ഇലക്ട്രോണിക്സ് എഞ്ചിനീയർ, സൗണ്ട് എഞ്ചിനീയർ എന്നിവരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി തീരുമാനമെടുത്തത്.

iii) പ്രൊജക്ടർ ലഭ്യമാക്കുന്നതിന് മുൻകൂറായി തുക ഒടുക്കിയാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്ന് സപ്ലൈയർ അറിയിച്ച സാഹചര്യത്തിലാണ് മുൻകൂർ തുക ഒടുക്കുവാൻ KSFDC നിർബന്ധിതമായത്. എത്രയും പെട്ടെന്ന് പ്രൊജക്ടർ സ്ഥാപിക്കേണ്ട ആവശ്യം മുൻനിർത്തിയാണ് എസ്.ബി.ഐ. സ്വിഫ്റ്റ് ട്രാൻസ്ഫർ മുഖേന തുക ഒടുക്കേണ്ടി വന്നത്. സമയബന്ധിതമായി പ്രൊജക്ടർ ലഭ്യമാക്കുകയും നിശ്ചിത തീയതിയിൽ തന്നെ തീയറ്റർ പ്രവർത്തനം ആരംഭിക്കുവാനും കഴിഞ്ഞു. പ്രസ്തുത തീരുമാനം ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ലഭ്യമാക്കിയില്ല എന്നത് അംഗീകരിക്കുന്നു.

iv) ബാർക്കോ ലേസർ പ്രൊജക്ടർ ഏക ഉടമസ്ഥ സ്വഭാവമുള്ള ഇനമായതിനാലാണ് ഗ്ലോബൽ ടെണ്ടർ എൻക്വയറി നടത്താതിരുന്നത്.

v) ആധുനികവൽക്കരണത്തിന്റെ ഭാഗമായാണ് ബാർക്കോയുടെ പ്രൊജക്ടർ സിസ്റ്റം KSFDC തീയറ്ററുകളിലേക്ക് ഇറക്കുമതി ചെയ്തത്. കേരളത്തിലെ ബാർക്കോയുടെ ആദ്യത്തെ 4K ലേസർ പ്രൊജക്ഷൻ സംവിധാനം ഘടിപ്പിക്കുന്നത് കോഴിക്കോട്ടെ കൈരളി തീയറ്ററിലാണ്. മികച്ച ദൃശ്യഭംഗി പ്രദാനം ചെയ്യുന്നവയാണ് ബാർക്കോയുടെ ലേസർ പ്രൊജക്ടറുകൾ. KSFDC-യുടെ തീയറ്ററുകളിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് കോഴിക്കോട് കൈരളി/ശ്രീ തീയറ്ററുകളിൽ നിന്നാണ്.

vi) കോവിഡ് നിയന്ത്രണങ്ങൾക്ക് ശേഷം സിനിമാ തീയറ്ററുകൾ പ്രവർത്തന സജ്ജമാകുന്നത് 2021 ജനുവരി മുതലാണ്. കോവിഡ് ഘട്ടത്തിൽ നവീകരണ പ്രവർത്തനങ്ങൾക്കായി അടച്ചിരുന്ന കോഴിക്കോട് കൈരളി/ശ്രീ തീയറ്ററുകൾ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കി തുറന്നു പ്രവർത്തിപ്പിക്കേണ്ടത് വളരെ അത്യാവശ്യമായിരുന്നു. 4K ലേസർ പ്രൊജക്ഷൻ സംവിധാനത്തിലൂടെ സിനിമകൾ ആസ്വദിക്കാനുള്ള പ്രേക്ഷകരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്.

vii) 2021 ഡിസംബറിൽ നടത്തേണ്ടിയിരുന്ന IFFK, കോവിഡ് നിയന്ത്രണങ്ങൾ മൂലം 2022 മാർച്ചിലേക്ക് മാറ്റി വച്ചിരുന്നു. തിരുവനന്തപുരം കൈരളി/ശ്രീ/നിള തീയറ്ററുകളുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ 2022 മാർച്ച് മാസത്തിനുമുമ്പ് പൂർത്തീകരിക്കാൻ വേണ്ടി യുദ്ധകാലാടിസ്ഥാനത്തിലാണ് നിർവ്വഹിച്ചത്. അതിന്റെ ഭാഗമായാണ് 4K ലേസർ പ്രൊജക്ടറുകൾ ഇറക്കുമതി ചെയ്തത്.

viii) കോവിഡ് നിയന്ത്രണങ്ങൾക്കുശേഷം നവീകരിച്ച തീയറ്ററുകൾ വളരെ വേഗം തുറന്ന് പ്രവർത്തിച്ച് KSFDC-യുടെ സാമ്പത്തിക രംഗം മെച്ചപ്പെടുത്തുന്നതിനും വിജയകരമായി IFFK നടത്തുന്നതിനും വേണ്ടിയാണ് പ്രൊജക്ടർ ഇറക്കുമതിയിലൂടെ KSFDC ഉദ്ദേശിച്ചത്.

**4.** ബഹു. സാംസ്കാരികവകുപ്പ് മന്ത്രിയുടെ ഉത്തരവ് പ്രകാരം പർച്ചേസുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം 21.03.2024-ലെ കത്ത് മുഖേന സർക്കാർ കെ.എസ്.എഫ്.ഡി.സി. എം.ഡി.-യ്ക്ക് നൽകിയിട്ടുണ്ട്. തുടർന്ന് 13.08.2024-ലെ കത്ത് പ്രകാരം തിരുവനന്തപുരം കൈരളി/ശ്രീ/നിള, കോഴിക്കോട് കൈരളി/ശ്രീ എന്നീ തീയറ്ററുകളിൽ പ്രൊജക്ടറുകൾ വാങ്ങിയ നടപടി സാധൂകരിച്ച് നൽകണമെന്ന് KSFDC മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

**5.** മേൽ വിഷയത്തിൽ " ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടി സമർപ്പിക്കുക." എന്ന ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ

ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ആ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി;

" The AD is advised to place the proposal in the Council of Ministers for ratification."

" This has the approval of Competent Authority."

**6.** ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം സാധൂകരണത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ "അംഗീകരിച്ചു" എന്ന് ഉത്തരവായി.

**7.** പ്രസ്തുത വിഷയം അംഗീകരിക്കുന്നതിനായുള്ള കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുന്നു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കൈരളി/ ശ്രീ, തിരുവനന്തപുരം കൈരളി/ശ്രീ/നിള എന്നീ തീയേറ്ററുകളിൽ കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി ബാർക്കോ പ്രൊജക്ടറുകൾ നേരിട്ട് ഇറക്കുമതി ചെയ്ത നടപടി സാധൂകരിക്കാവുന്നതാണോ ?

**GOVERNMENT OF KERALA**
**(PINARAYI VIJAYAN MINISTRY)**
**(Note for the Council of Ministers)**

| | | |
|---|---|---|
| 1. | File Number | A3/12/2023-CLAD |
| 2. | Department | Cultural Affairs (A) Department |
| 3. | Subject | Granting ratification to the action of directly importing Barco projectors, subject to the decision of the Board of Directors, for the theatres Kairali and Sree in Kozhikode and Kairali/Sree/Nila in Thiruvananthapuram under KSFDC-Reg. |
| 4. | Date of Chief Minister's Orders for placing before the Council | 23.02.2026 |
| 5. | (i) Does the case involved financial commitments/implications? | No |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note ? | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | Yes<br>Yes |
| 7. | Name of Joint Secretary who submitted the Draft Note | Smt. Rajani M. |
| 8. | Name of Additional Chief Secretary who approved the Draft Note | Dr. Rajan Namdev Khobragade |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | 02.03.2026 |
| 10. | Name of Chief Secretary who approved the Draft Note. | Dr.A.Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 02.03.2026 |
| 12. | Name of Minister who approved the Draft Note | Shri. Saji Cherian |
| 13. | Date of approval of the draft Note for the Council by the Minister | 04.03.2026 |
| 14. | Date of submission of fair copies | 05.03.2026 |
| 15. | Date of decision by the Council of Ministers | |
| 16. | Number and date of the G.O/letter communicating the decision. | |

## Note for the Council of Ministers

The subject of the note is granting ratification to the action of directly importing Barco projectors, subject to the decision of the Board of Directors, for the theatres Kairali and Sree in Kozhikode and Kairali/Sree/Nila in Thiruvananthapuram under KSFDC.

**2.** In a similar matter concerning the ratification of the direct import of a Dolby Atmos Sound System from the Dolby company, subject to the decision of the KSFDC Board of Directors (File No. A3/25/2023/CLAD), the remarks of the Stores Purchase Department is given below:

**" സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയറ്റർ കോംപ്ലക്സുകളിലേയ്ക്ക് ഡിജിറ്റൽ ഡോൾബി സംവിധാനം വാങ്ങിയ വിഷയത്തിൽ ഭരണ വകുപ്പിനെ താഴെപ്പറയുന്ന വിവരങ്ങൾ അറിയിക്കുന്നു**

**എ) സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, സ്റ്റോർസ് പർച്ചേസ് മാന്വൽ അനുബന്ധം 1-ൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനമാണ്, ആയതിനാൽ മാന്വൽ പ്രകാരമുള്ള വാങ്ങൽ ചട്ടങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥമാണ്.**

**ബി) സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 7.50 പ്രകാരം ഡിജിറ്റൽ ഡോൾബി സംവിധാനം പോലുള്ള സാങ്കേതികത്വമുള്ളതും ഉയർന്ന മൂല്യമുള്ളതുമായ യന്ത്രങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ഇരട്ട ലേല സംവിധാനം (Two Bid System) (സാങ്കേതിക ബിഡ്/ സാമ്പത്തിക ബിഡ്) പാലിക്കണം, ആയത് വിദഗ്ധ സമിതി പരിശോധിച്ച് ടെണ്ടർ ഡോക്യുമെന്റിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണോയെന്ന് പരിശോധിക്കേണ്ടതാണ്,**

സി) ഡിജിറ്റൽ ഡോൾബി സിസ്റ്റം സപ്ലൈ ചെയ്ത മെസ്:ഡോൾബി എന്ന സ്ഥാപനത്തിന് 100% തുക സ്വിഫ്റ്റ് ട്രാൻസ്ഫറായി(സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മുഖേന) മുൻകൂറായി നൽകിയതായി കാണുന്നു. ആയതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല. മാന്വൽ ഖണ്ഡിക 12.25, 12.25 ന്റെ vi പ്രകാരം വിദേശ സപ്ലയർക്ക് തുക മുൻകൂറായി നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി വേണമെന്നതാണ് നടപടിക്രമം. പ്രസ്തുത നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല.

ഡി) ഖണ്ഡിക 7.20 പ്രകാരം ഏക ഉടമസ്ഥാ സ്വഭാവമുള്ള (പ്രോപ്രൈറ്ററി) ഇനമാണെങ്കിൽ വിദഗ്ദ്ധ സമിതിയുടെയും വാങ്ങൽ സമിതിയുടെയും ഉപദേശത്തിന്മേൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും സിങ്കിൾ ടെണ്ടർ (സ്വകാര്യ വാങ്ങൽ) മുഖേന ആ ഐറ്റം വാങ്ങാവുന്നതാണ്. ആയത് ഏക ഉടമസ്ഥാ സ്വഭാവമുള്ളതാണെന്നുള്ളത് ഭരണ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

ഇ) ആവശ്യമുള്ള ഗുണനിലവാരമുള്ള സാധനങ്ങൾ രാജ്യത്ത് ലഭ്യമല്ലെന്ന് ഉറപ്പെങ്കിൽ സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 7.19 പ്രകാരമുള്ള ചട്ടങ്ങൾ പാലിച്ച് ഗ്ലോബൽ ടെണ്ടർ എൻക്വയറി നടത്താവുന്നതാണ്. ആയതും ഇവിടെ പാലിച്ചതായി കാണുന്നില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ അനുബന്ധം 1-ൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ടി സ്ഥാപനം സ്റ്റോർസ് പർച്ചേസ് മാന്വൽ ചട്ടങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ആയതിനാൽ ഭരണ വകുപ്പിന് പ്രസ്തുത വിഷയത്തിൽ ഉചിതമായ മേൽനടപടി സ്വീകരിക്കാവുന്നതാണ്."

**3.** The Managing Director of KSFDC has stated that the purchases were made without adhering to the prescribed procedures. The arguments of the KSFDC Managing Director regarding the non-compliance of the said procedures with the Stores Purchase

Manual in directly importing Barco projectors for Kairali/Sree theatres in Kozhikode and Kairali/Sree/Nila theatres in Thiruvananthapuram, are as follows:

i) E-tender was not invited since Barco projectors are proprietary items. Therefore, the Two Bid System was not applicable. The projectors were imported directly from the manufacturer without involving any agency or dealer.

ii) The decision to purchase Barco, a proprietary item, was taken by a Technical Committee comprising KSFDC's Electronics Engineer and Sound Engineer after evaluating its technical superiority.

iii) The supplier informed that further procedures could proceed only upon advance payment. KSFDC was therefore compelled to remit the advance amount. Considering the urgent need to install the projector at the earliest, payment was made via SBI SWIFT transfer. The projector was received in time and theatre operations commenced as scheduled. The Board of Directors has approved this decision. It is admitted that prior Government approval was not obtained in this regard.

iv) A Global Tender Enquiry was not conducted as the Barco laser projector is a proprietary item.

v) The Barco projector system was imported to KSFDC theatres as part of modernization. The first 4K laser projection system of Barco in Kerala was installed at Kairali Theatre, Kozhikode. Barco laser projectors provide superior visual quality. The highest revenue among KSFDC theatres is generated from Kairali/Sree theatres in Kozhikode.

vi) Cinema theatres resumed operations only from January 2021 after COVID restrictions. The Kairali/Sree theatres in Kozhikode, which had been closed for renovation during the pandemic, urgently needed to be reopened after completing modernization works. It is a fact that the number of viewers increased with the 4K laser projection system.

vii) The International Film Festival of Kerala (IFFK), originally scheduled for December 2021, was postponed to March 2022 due to COVID restrictions. The modernization works of Kairali/Sree/Nila theatres in Thiruvananthapuram were carried out on a war footing to complete them before March 2022. As part of this, 4K laser projectors were imported.

viii) The objective of importing the projectors was to reopen the renovated theatres quickly after COVID restrictions, improve KSFDC's financial position, and successfully conduct IFFK.

**4.** As per the order of the Hon. Minister for Cultural Affairs, the Government, through letter dated 21.03.2024, instructed the Managing Director of KSFDC to strictly comply with the provisions of the Stores Purchase Manual while making purchases. Subsequently, through letter dated 13.08.2024, the KSFDC Managing Director requested ratification of the purchase of projectors for Kairali/Sree/Nila theatres in Thiruvananthapuram and Kairali/Sree theatres in Kozhikode.

**5.** Based on the order of Hon. Chief Minister, file forwarded to the Finance Department, and that Department has given the following remarks,

" The AD is advised to place the proposal in the Council of Ministers for ratification."

" This has the approval of Competent Authority "

**6.** As per the remarks of the Finance Department, when the file was circulated to the Hon'ble Chief Minister seeking orders to place the matter before the Council of Ministers for ratification. Hon'ble Chief Minister ordered as "അംഗീകരിച്ചു."

**7.** The note for council of ministers may be placed before the Council of Ministers for consideration and approval.

**Points for Decision**

Whether the action of directly importing Barco projectors, subject to the decision of the KSFDC Board of Directors, for Kairali and Sree theatres in Kozhikode and Kairali/Sree/Nila theatres in Thiruvananthapuram under KSFDC may be ratified ?